4. റിപ്പോർട്ട് സമർപ്പണം

2014 –ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി IX –ന്റെ 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി (ശ്രീ.മഞ്ഞളാംകുഴി അലി): സർ, 2014–ലെ കേരളാ പഞ്ചായത്തീരാജ് (രണ്ടാം ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ടും, സബ്ജക്ട് കമ്മിറ്റി IX –ന്റെ 2014 മാർച്ച് 31– വരെയുള്ള ആനുകാലിക റിപ്പോർട്ടും ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രിക്കു വേണ്ടി സമിതി അംഗമായ ഞാൻ സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി VI–ന്റെ 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, സബ്ജക്ട് കമ്മറ്റി VI–ന്റെ 2013 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ 39 മുതൽ 49 വരെയുള്ള റിപ്പോർട്ട്

ശ്രീ. കെ. എൻ. എ ഖാദർ: സർ, പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ 39 മുതൽ 49 വരെയുള്ള റിപ്പോർട്ടുകൾ സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

മി.സ്പീക്കർ: പി.എസ്.എൽ.വി. സി 23 യുടെ വിക്ഷേപണം ഇന്ന് അഭിമാനകരമായി വിജയകരമായി വിക്ഷേപിച്ചിരിക്കുകയാണ്. നമ്മുടെ അഭിമാന

കരമായി പി.എസ്.എൽ.വി. സി 23 വിക്ഷേപണത്തെ നമുക്ക് കണക്കാക്കാം. അഞ്ച് വിദേശ ഉപഗ്രഹങ്ങളുമായി ഇന്ന് ശ്രീഹരിക്കോട്ടയിൽ നിന്ന് വിജയകരമായി പറന്നുയർന്ന പി.എസ്.എൽ.വി. സി 23 തനതു ബഹിരാകാശ പദ്ധതിയുടെ വിജയകഥയാണ് പറയുന്നത്. ഈ മഹത് സംരംഭത്തിനു പിന്നിൽ പ്രവർത്തിച്ച എല്ലാ ശാസ്ത്രജ്ഞ രേയും മറ്റു ജീവനക്കാരേയും ബന്ധപ്പെട്ട എല്ലാപേരെയും ഈ അഭിമാന നിമിഷത്തിൽ നമുക്ക് അഭിനന്ദിക്കാം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇതൊരു അഭിമാന മുഹൂർത്തമാണ്. കേരളത്തിനും രാജ്യത്തിനും ഉണ്ടായ ഈ വലിയ വിജയത്തിൽ കേരളത്തിന് പ്രത്യേകമായി സന്തോഷിക്കാൻ വകയുണ്ട്. ഇതിന് സാരഥ്യം വഹിച്ച ഡോ. രാധാകൃഷ്ണനേയും, അദ്ദേഹത്തോട് ഒപ്പമുള്ള സഹപ്രവർത്തകരേയും അഭിനന്ദിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, ഭൗമരംഗത്ത് നമ്മുടെ ശാസ്ത്രജ്ഞൻമാർ എടുത്ത മുൻകൈയും നേതൃത്വവും അഭിനന്ദാർഹമാണ്. അതിൽ ഞാൻ അവരെ അഭിനന്ദിക്കുകയും അഭിവാദ്യം ചെയ്യുകയും ചെയ്യുന്നു.

കോട്ടൺഹിൽ സ്കൂളിലെ അദ്ധ്യാപിക പരാതി നൽകിയാൽ പരിഗണിക്കാമെന്നുപറഞ്ഞിരുന്നു. അക്കാര്യം പരിഗണിച്ചോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, വെള്ളിയാഴ്ച ശ്രീ. ശിവൻകുട്ടിയോടൊപ്പം ആ അദ്ധ്യാപിക വന്ന് കത്ത് തന്നു. അപ്പീൽ തന്നാൽ നിശ്ചയമായും അത് പരിഗണിക്കും പരിശോധിക്കും എന്നു പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ ഞാൻ വിദ്യാഭ്യാസമന്ത്രിയുമായിട്ട് ആലോചിച്ചു. അങ്ങുമായിട്ടും ആലോചിച്ചിരുന്നു. അവരുടെ ട്രാൻസ്ഫർ സിറ്റിക്കു പുറത്താണ്

എന്നതിന്റെയടിസ്ഥാനത്തിൽ അവരെ തിരുവനന്തപുരം സിറ്റിയിലുള്ള മോഡൽ സ്കൂളിൽ നിയമിക്കാനുള്ള നിർദ്ദേശം കൊടുത്തു കഴിഞ്ഞു.